## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 692 02/12/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ സമൂഹ അടുക്കളകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ.ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ 2013 മുതൽ എത്ര സമൂഹ അടുക്കളകൾ (Community Kitchen) ആരംഭിച്ചു; നിലവിൽ ഇപ്പോൾ എത്ര അടുക്കളകൾ പ്രവർത്തിക്കുന്നു; | (എ) | 186 സമൂഹ അടുക്കളകൾ ആരംഭിച്ചു. നിലവിൽ 101 എണ്ണം പ്രവർത്തനക്ഷമമാണ്. |
| (ബി) | പ്രസ്തുത അടുക്കളയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് തയ്യാറാക്കുന്നത്; ഈ അടുക്കളയിലൂടെ ശരാശരി എത്ര പേർക്ക് ഒരു ദിവസം ഭക്ഷണം നൽകുന്നുണ്ട്; | (ബി) | ചോറും, സാമ്പാറും നൽകി വരുന്നു. ഊരുകളുടെ ജനസംഖ്യാനുപാതം അനുസരിച്ച് 40 മുതൽ 150 പേർക്ക് വരെ ഒരു അടുക്കളയിൽ നിന്നും ഭക്ഷണം നൽകി വരുന്നു. |
| (സി) | ഓരോ അടുക്കളയും പ്രവർത്തിപ്പിക്കുന്നതിന് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്; എത്ര രൂപയാണ് ചെലവാകുന്നത്; ഒരാൾക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; | (സി) | ഓരോ അടുക്കളയ്ക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല;<br>അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് പുറമേ ചുവടെ ചേർക്കുന്ന വിധത്തിൽ ഓരോ വ്യക്തിയ്ക്കും ചിലവ് നിശ്ചയിച്ചിട്ടുണ്ട്.<br>വിറക് - 2 രൂപ<br>പച്ചക്കറി - 3 രൂപ<br>പാചകക്കൂലി -3 രൂപ<br>അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്കായി ഒരാൾക്ക് ശരാശരി 10 രൂപ ചെലവ് കണക്കാക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; എത്ര രൂപയാണ് ചെലവാകുന്നത്; എപ്പോഴൊക്കെയാണ് തുക അനുവദിച്ചത്; | (ഡി) | ആകെ രൂപ 2,24,36,066/- രൂപ അനുവദിച്ചിട്ടുണ്ട്.<br>2014 ജൂലൈ - 50 ലക്ഷം രൂപ<br>2014 ഓഗസ്റ്റ് - 74,36,066/- രൂപ<br>2014 നവംബർ - 1 കോടി രൂപ |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി നടപ്പാക്കുന്നത് ഏത് വകുപ്പാണ്; ഏത് ഉദ്യോഗസ്ഥനാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്; | (ഇ) | സാമൂഹ്യനീതി വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സമൂഹ അടുക്കളക്കാവശ്യമായ അരിയും, പലവ്യഞ്ജനങ്ങളും സപ്ലൈകോ മുഖാന്തിരം വാങ്ങുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ സംയോജിത ശിശുക്ഷേമ വിഭാഗം ചുമതല വഹിക്കുന്നു. |
| (എഫ്) | പ്രസ്തുത പദ്ധതിയിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ സംഭരിക്കുന്നത് എപ്രകാരമാണ്; സംഭരണവില എപ്രകാരമായിരുന്നെന്ന് വ്യക്തമാക്കുമോ; | (എഫ്) | അരിയും, പലവ്യഞ്ജനങ്ങളും സപ്ലൈകോ മുഖേന വാങ്ങിക്കുകയും പച്ചക്കറി, വിറക് തുടങ്ങിയവ കുടുംബശ്രീ/എൻ.ആർ.എൽ.എം. ഗ്രൂപ്പുകളിൽ നിന്നും വിപണന നിരക്കിൽ വാങ്ങിക്കുകയും ചെയ്യുന്നു. |
| (ജി) | പണം യഥാസമയം അനുവദിക്കാത്തതിനാൽ ഭക്ഷണ സാധനങ്ങൾ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഭക്ഷണ സാധനങ്ങൾ വാങ്ങിയ വകയിൽ ഏജൻസികൾക്കോ, സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ പണം നൽകാനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ജി) | ഇല്ല. 25-11-14 വരെയുള്ള ബില്ലുകൾ അനുസരിച്ച് 30,81,580.25/- രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. |

**സെക്ഷൻ ഓഫീസർ**